# ഗുരുസ്തവം

നാരായണമൂർത്തേ ! ഗുരുനാരായണമൂർത്തേ
നാരായണമൂർത്തേ ! ഗുരുനാരായണമൂർത്തേ !

ആരായുകിലന്ധത്വമൊഴിച്ചാദിമഹസ്സിൻ
നേരാം വഴി കാട്ടും ഗുരുവല്ലോ പരദൈവം
ആരാധ്യനതോർത്തീടുകിൽ ഞങ്ങൾക്കവിടുന്നാം
നാരായണമൂർത്തേ ! ഗുരു നാരായണമൂർത്തേ !

അൻപാർന്നവരുണ്ടോ പരവിജ്ഞാനികളുണ്ടോ
വൻപാകെ വെടിഞ്ഞുള്ളവരുണ്ടോയിതുപോലെ
മുൻപായി നിനച്ചൊക്കെയിലും ഞങ്ങൾ ഭജിപ്പൂ
നിൻ പാവനപാദം ഗുരുനാരായണമൂർത്തേ

അന്യർക്കു ഗുണം ചെയ്‌വതിനായുസ്സു വപുസ്സും
ധന്യത്വമൊടങ്ങാത്മതപസ്സും ബലി ചെയ്‌വൂ
സന്ന്യാസികളില്ലിങ്ങനെയില്ലല്ലമിയന്നോർ
വന്ന്യാശ്രമ മേലുന്നവരും ശ്രീഗുരുമൂർത്തേ

വാദങ്ങൾ ചെവിക്കൊണ്ടു മതപ്പോരുകൾ കണ്ടും
മോദസ്ഥിതിതനായങ്ങു വസിപ്പൂ മലപോലെ
വേദാഗമസാരങ്ങളറിഞ്ഞങ്ങൊരുവൻ താൻ
ഭേദാദികൾ കൈവിട്ടു ജയിപ്പൂ ഗുരുമൂർത്തേ

മോഹാകുലരാം ഞങ്ങളെയങ്ങേടെയടിപ്പൂ
സ്നേഹാത്മകമാം പാശമതിൽ കെട്ടിയിഴപ്പൂ
ആഹാ ! ബഹുലക്ഷം ജനമങ്ങേത്തിരുനാമ
വ്യാഹാരബലത്താൽ വിജയിപ്പൂ ഗുരുമൂർത്തേ

അങ്ങേത്തിരുവുള്ളൂറിയൊരപിൻ വിനിയോഗം
ഞങ്ങൾക്കു ശുഭം ചേർത്തിടുമീ ഞങ്ങടെയോഗം
എങ്ങും ജനചിത്തങ്ങളിണക്കി പ്രസരിപ്പൂ
മങ്ങാതെ ചിരം നിൻപുകൾപോൽ ശ്രീ ഗുരുമൂർത്തേ

നാരായണമൂർത്തേ ! ഗുരുനാരായണമൂർത്തേ
നാരായണമൂർത്തേ ! പരമാചാര്യനമസ്തേ

- മഹാകവി കുമാരനാശാൻ